"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - അച്ചടിവകുപ്പിലേയ്ക്ക് ഒരു ഇങ്ക് ജെറ്റ് കളർ ഡിജിറ്റൽ പ്രിന്റർ വാങ്ങുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.13/2026/PPAD തീയതി,തിരുവനന്തപുരം, 28-01-2026

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 08.08.2025 , 23.09.2025 , 23.01.2026 തീയതികളിലെ 971329/2025/പ്ലാനിംഗ് സെൽ നമ്പർ കത്തുകൾ

**ഉത്തരവ്**

ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശപ്രകാരം 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ബാലറ്റ് പേപ്പറുകൾ പുതിയ ഡിസൈനിലും കളറിലും അച്ചടിക്കേണ്ടതുണ്ടെന്നും നിലവിൽ ഗവ. പ്രസ്സുകളിൽ കുറഞ്ഞ സമയത്തിനുള്ളിൽ ബ്ലാക്ക് & വൈറ്റിൽ പ്രിന്റ് ചെയ്യുന്നതിനുള്ള സാങ്കേതിക സൗകര്യം മാത്രമെ ഉള്ളുവെന്നതിനാൽ, കളറിൽ പ്രിന്റ് ചെയ്യുന്നതിനായി ഡബിൾ ഡെമി സൈസിലുള്ള ഫോർ കളർ ഷീറ്റ് ഫെഡ് ഓഫ്സെറ്റ് മെഷീനുകൾ (Double demmy size Four color sheet-fed offset) രണ്ട് എണ്ണം ആവശ്യമാണെന്നും ഒരു സ്ഥിരം സംവിധാനമെന്ന നിലയിൽ ദീർഘകാലം ഉപയോഗിക്കുവാനും തുടർച്ചയായി അച്ചടിക്കുവാൻ കഴിയുന്നതും താരതമ്യേന അച്ചടിച്ചെലവ് കുറവുള്ളതുമായ Four Colour Sheetfed Offset മെഷീൻ സ്ഥാപിക്കുന്നതാണ് ഉചിതമെന്നും എന്നാൽ ടി മെഷീനുകൾ ലഭ്യമാക്കി സ്ഥാപിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ, ആയതിലുള്ള നടപടികൾ ആരംഭിക്കുന്നതിനോടൊപ്പം 2026-ലെ നിയമസഭ തിരഞ്ഞെടുപ്പിന് കളർ ബാലറ്റ് പേപ്പറുകൾ സമയബന്ധിതമായി പ്രിൻ്റ് ചെയ്യുന്നതിന് ഇങ്ക് ജെറ്റ് കളർ ഡിജിറ്റൽ പ്രിന്റർ (9 എണ്ണം) (Inkjet Colour Digital Printer) സ്ഥാപിക്കാവുന്നതാണെന്നും ആയതിന് തുക അഞ്ച് കോടി എട്ട് ലക്ഷം രൂപ (5.08 കോടി) അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ലെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ബാലറ്റ് പേപ്പറുകൾ പുതിയ ഡിസൈനിലും കളറിലും പ്രിന്റ് ചെയ്യേണ്ടതുണ്ടെന്ന് ഇലക്ഷൻ കമ്മീഷൻ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒരു ഇങ്ക് ജെറ്റ് കളർ ഡിജിറ്റൽ പ്രിന്റർ വാങ്ങുന്നതിന്, ചുവടെ ചേർത്തിട്ടുള്ള പ്രകാരം 67,00,000/- (അറുപത്തിയേഴ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഇങ്ക് ജെറ്റ് കളർ ഡിജിറ്റൽ പ്രിന്റർ - 42 ലക്ഷം രൂപ
2. ഇങ്ക് & കൺസ്യൂമബിൾസ് - 15 ലക്ഷം രൂപ

3. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ - 10 ലക്ഷം

**ആകെ - 67 ലക്ഷം രൂപ**

ആയതിലേയ്ക്കുള്ള ചെലവ് അച്ചടിവകുപ്പിന്റെ 2025-26 സാമ്പത്തികവർഷത്തെ 4058-00-103-95-PV എന്ന ശീർഷകത്തിന്റെ ബജറ്റ് വിഹിതത്തിൽ അധികരിക്കാതെ വാങ്ങേണ്ടതാണ്.

ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ ഫോർ കളർ ഷീറ്റ്-ഫെഡ് ഓഫ് സെറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അച്ചടിവകുപ്പ് ഡയറക്ടർ ആരംഭിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 30-01-2026 15:15:27
സെക്ഷൻ ഓഫീസർ